# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 18-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -29)

602)നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ
603)സ്വകാര്യ മോട്ടോർ വ്യവസായ മേഖല നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ
604)ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ
605)അഭ്യസ്തവിദ്യർക്ക് തൊഴിൽ കണ്ടെത്തുവാൻ വായ്പ നൽകുന്ന പദ്ധതി
606)ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത
607)റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കയറ്റുമതി
608)നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾ
609)ലോഹമണലിൽ അടങ്ങിയ മൂലകങ്ങൾ
610)സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനുള്ള പദ്ധതി
611)ജില്ലാ/അന്തർജില്ലാ റൂട്ട് രൂപവൽക്കരണം
612)കൈത്തറിമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം
613)വ്യവസായ ശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷ 614)മലിനീകരണം
615)ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി
616)നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം നഷ്ടപ്പെട്ടവർക്ക് അംഗത്വം പുനസ്ഥാപിക്കുന്നതിന് നടപടി
617)റോഡ് സുരക്ഷിതത്വ നിയമംലോകം മുഴുവനുമുള്ള തൊഴിൽദായകർക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേര് വിവരം നൽകുന്ന സംവിധാനം
618)സ്തംഭനത്തിലായ ടെക്സ്റ്റയിൽ മില്ലുകൾ
619)വികലാംഗ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ നടപടി
620)ഐ.ആർ.സി യുടെയും മിനിമം വേജസ് കമ്മിറ്റിയുടെ പുന:സംഘടന
621)തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതി
622)കരിമണലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ
623)ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ നടപടി
624)അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി
625)സ്വകാര്യ മേഖലയിൽ നിർമ്മിക്കാൻഅനുമതി നൽകിയ മിനി തുറമുഖങ്ങൾ
626)പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതി
627)കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം
628)ജില്ലാ കേന്ദ്രങ്ങളിൽ ടെക്നോപാർക്കുകൾ തുടങ്ങാൻ നടപടി
629)സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനം
630)പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം

**<u>നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>**

*602 ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് രജിസ്റ്റർ ചെയ്തവർക്കും അവരുടെ ആശ്രിതർക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തീരുമാനമെടുത്തത് എന്നെല്ലാമാണ് ;

(സി) രൂപയുടെ മൂല്യശോഷണം കണക്കിലെടുത്ത് ഈ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):**

(എ) ബോർഡിലോ അംഗതൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

1. പെൻഷൻ 2. കുടുംബ പെൻഷൻ 3. അവശത പെൻഷൻ 4. മരണാനന്തര ധനസഹായം 5. അപകട മരണ ധനസഹായം 6. മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 7. വിവാഹ

ധനസഹായം 8. ചികിത്സാ ധനസഹായം 9. അപകട ചികിത്സാ ധനസഹായം 10. മാരക രോഗ ചികിത്സാ ധനസഹായം 11. പ്രസവ ധനസഹായം 12. സ്കോളർഷിപ്പ്/ക്യാഷ് അവാർഡ് 13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്കുള്ള ധനസഹായം 14. ഭവന നിർമ്മാണ വായ്പ 15. ഉപകരണ വായ്പ.

(ബി 1990-ൽ രൂപീകൃതമായ കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ 1998-ല്ൃ കേന്ദ്ര ആക്ടിൻപ്രകാരം രൂപീകൃതമായ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് നിലവിൽ വന്നശേഷവും പിന്നീടും കാലോചിതമായി പരിഷ്ക്കരിച്ച് നൽകിവരുന്നു.

.(സി) ബോർഡിൽ നിന്നും നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും 28.11.2000 മുതൽ വർദ്ധനവ് വരുത്തി പരിഷ്ക്കരിച്ച നിരക്കിൽ നൽകി വരുന്നുണ്ട്.

## സ്വകാര്യ മോട്ടോർ വ്യവസായ മേഖല നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ

*603. ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി.എസ്. സുപാൽ :

ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വ്യവസായ പുന:സംഘടനയ്ക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മോട്ടോർ വ്യവസായ മേഖല നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ് ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള(ഗതാഗത വകുപ്പുമന്ത്രി) :**

(എ) മോട്ടോർ വാഹനവും ഗതാഗതവും ആയി ബന്ധപ്പെട്ട മേഖല ഒരു വ്യവസായമായി ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ വ്യവസായമെന്ന രീതിയിൽ പുന:സംഘടനയെന്ന കാര്യം പരിഗണനയിലില്ല.

(ബി) സ്വകാര്യ മേഖലയിൽ ഓടുന്ന ബസ്സുകൾ, ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള കരാർ വാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് അവയുമായി ബന്ധപ്പെട്ട സംഘടനകളിൽ നിന്ന് അവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രധാനമായും അവരുടെ ആവശ്യം യാത്രക്കൂലി, നികുതികൾ മുതലായവയെപ്പറ്റിയാണ്. നിവേദനങ്ങൾ പരിഗണിച്ച് ആവശ്യമായി വന്ന സന്ദർഭങ്ങളിൽ യാത്രക്കൂലിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും വികലാംഗർക്കും മറ്റും നൽകിവരുന്ന യാത്രക്കൂലിയിലുള്ള ഇളവിനെപ്പറ്റിയും ബസ്സുടമകൾ പരാതികൾ ഉന്നയിച്ചിട്ടുണ്ട്. ഇത്തരം നിവേദനങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് .

## ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ

*604. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. സി.പി. മുഹമ്മദ് :

ശ്രീ. എൻ. ശക്തൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണെന്ന് പറയുമോ ;

(ബി) ഇവയുടെ നോൺ പെർഫോമിംഗ് അസറ്റ്സ് എത്രയാണ് ;

(സി) ഇവയ്ക്കു കിട്ടുന്ന നിക്ഷേപങ്ങളിൽനിന്നും വായ്പ കൊടുത്തുകഴിഞ്ഞുള്ള തുകകൊണ്ട് എന്താണ് ചെയ്യാറുള്ളത് ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ക്രഡിറ്റ്-ഡിപ്പോസിറ്റ് റേഷ്യോ 31.51% മുതൽ 85.34% വരെയാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(ബി) 727.77 കോടി രൂപ. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്

(സി) വായ്പ കഴിച്ചുള്ള തുക സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നു. ചില ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിന് പുറമെ രജിസ്ട്രാർ അനുവാദം നൽകിയിട്ടുള്ള മറ്റ് ബാങ്കുകളിലും നിക്ഷേപിക്കുന്നുണ്ട്. ഇതിനുപുറമേ 8 ജില്ലാ ബാങ്കുകൾ 573.35 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുമുണ്ട് .

**അഭ്യസ്തവിദ്യർക്ക് തൊഴിൽ കണ്ടെത്തുവാൻ വായ്പ നൽകുന്ന പദ്ധതി**

*605. ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾവഴി തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകി, സ്വയം തൊഴിൽ കണ്ടെത്തുവാൻ വായ്പ നൽകുന്ന ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾവഴി സ്വയംതൊഴിൽ വായ്പ നൽകുന്നതിന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 3-1-200-ലെ 3/2000 നമ്പർ സർക്കുലറാണ് ഇതിനായി പുറപ്പെടുവിച്ചിട്ടുള്ളത്. വായ്പയുടെ പരിധി 2 ലക്ഷം രൂപയും കാലാവധി 5 വർഷവും ഓഹരി അനുപാതം 1%-ഉം ആണ്.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

**ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത**

*606. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്നതിനും ചരക്കു കൊണ്ടുപോകുന്നതിനും ഉതകുന്ന ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(സി) റോഡ് ഗതാഗതത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകളും അപകടങ്ങളും കുറയ്ക്കുവാനും ടൂറിസം വികസനത്തിന് വളരെയേറെ സഹായകമാവുമെന്ന് വസ്തുത പരിഗണിച്ചും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി ആലോചിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാന ജലഗതാഗത വകുപ്പ് പാസഞ്ചർ സർവ്വീസ് മാത്രമാണ് ഇപ്പോൾ നടത്തിവരുന്നത്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സംസ്ഥാനജലവകുപ്പും കിൻകോയും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ റ്റി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലംവരെയുള്ള ജലപാത ദേശീയ ജലപാതയായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. (കൊല്ലംമുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയായി 1993-ൽ കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയും പ്രസ്തുത ഭാഗത്തിന്റെ വികസന സംരക്ഷണ പണികൾ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നേരിട്ട് നടത്തിവരികയുമാണ്) കോവളം മുതൽ വിഴിഞ്ഞം വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു.

മാഹി മുതൽ വളപട്ടണം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിനായി നാട്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര-മാഹി കനാൽ നിർമ്മിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സർക്കാർ പരിശോധിച്ചു വരികയാണ്. കനോലി കനാലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഒരു പദ്ധതിയും സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ പ്രധാന ജലപാതകളായ കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-ആലപ്പുഴ എന്നിവയുടെ വികസനം ഒരു പൈലറ്റ് പ്രോജക്ട് ആയി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വികസനത്തിന് സഹായകമാകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജലവാഹനങ്ങൾ നിർമ്മിച്ചിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കയറ്റുമതി

*607. ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ടി.എച്ച്. മുസ്തഫ:
_ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നുണ്ടോ; എങ്കിൽ എവിടേക്കെല്ലാമെന്ന് പറയുമോ;

(ബി) എന്ത് തുകയ്ക്കുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്രതിവർഷം സംസ്ഥാനത്തുനിന്ന് കയറ്റി അയയ്ക്കുന്നു ;

(സി) ഒരു കോട്ടേജ് ഇൻഡസ്ട്രി എന്ന നിലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം വിപുലമായ തോതിൽ നടത്തുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. അമേരിക്ക, ബ്രിട്ടൻ, യു.എ.ഇ., യൂറോപ്യൻ രാജ്യങ്ങൾ, ജർമ്മനി, സൗത്ത് ആഫ്രിക്ക, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് പ്രധാനമായും റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നത്.

(ബി) കൈത്തറി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ഏകദേശം 341 കോടി രൂപയ്ക്കുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ പ്രതിവർഷം സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കുന്നതായി കണക്കാക്കുന്നു.

(സി ഉണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിന് നിരവധി ആനുകൂല്യങ്ങൾ നൽകിവരുന്നു. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം വിപുലമായ രീതിയിൽ നടത്തുന്നതിനായി കിൻഫ്ര തിരുവനന്തപുരത്ത് ഒരു അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

## നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾ

*608. ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളെക്കുറിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഏതെല്ലാം മേഖലയിലെ സംഘങ്ങളെക്കുറിച്ചാണ് പഠിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്ത് ഓരോ മേഖലയിലും ഇതിനകം രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ പ്രവർത്തനം നിലച്ചുപോയവയുടെ ശതമാനക്കണക്ക് വെളിപ്പെടുത്തുമോ ;

(സി) സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പുതുതായി എന്തെങ്കിലും പരിപാടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) 'കടലാസ് സംഘങ്ങൾ' എന്ന പേരിലറിയപ്പെടുന്ന എല്ലാ സംഘങ്ങളെയും ലിക്വിഡേറ്റ് ചെയ്യുന്നതിനും അത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സഹകരണ സംഘങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെപ്പറ്റി പഠിക്കുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും അവർ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വായ്പാ മേഖലയിൽ 4.16%, മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് മേഖലയിൽ 33.85% കൺസ്യൂമർ മേഖലയിൽ 10.68% ആശുപത്രി മേഖലയിൽ 35.06% എസ്.സി/എസ്.റ്റി മേഖലയിൽ 7.78% ലേബർ കോൺട്രാക്ട് മേഖലയിൽ 29.25% വനിതാ മേഖലയിൽ 23.11% മറ്റു മേഖലയിൽ 25.21% ഉം സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ആദ്യപടിയായി സംഘം സെക്രട്ടറി/പ്രസിഡന്റ്മാർക്ക് വേണ്ടി വർക്കുഷോപ്പ്പുകൾ നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനരഹിതമായ സഹകരണസംഘങ്ങളെ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവർത്തന സാദ്ധ്യത ഉണ്ടെന്ന് സഹകരണ രജിസ്ട്രാർക്ക് ബോധ്യമായാൽ മാത്രമേ സംഘം രജിസ്റ്റർ ചെയ്യുകയുള്ളു.

**<u>ലോഹമണലിൽ അടങ്ങിയ മൂലകങ്ങൾ</u>**

*609. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം.എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ലോഹമണലിൽ എന്തെല്ലാം തരത്തിലുള്ള മൂലകങ്ങൾ അടങ്ങിയിട്ടുണ്ട് ;

(ബി) അവയിൽനിന്ന് എന്തെല്ലാം വിധത്തിലുള്ള മൂലകങ്ങൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വേർതിരിച്ചെടുക്കുന്നുണ്ട് ;

(സി) ബാക്കി മൂലകങ്ങൾ വേർതിരിച്ചെടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) അവ വേർതിരിച്ചെടുക്കുന്നത് ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** :

(എ) മോണസൈറ്റ്, ഇൽമനൈറ്റ്, റൂടൈൽ, സിർക്കോൺ, ഗാർനെറ്റ്, സിലിമനൈറ്റ്, ലൂക്കോക്സീൻ എന്നിവയാണ് സംസ്ഥാനത്തെ ലോഹമണലിൽ അടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്ക് ഇൽമനൈറ്റ് വേർതിരിച്ചെടുക്കുന്നുണ്ട്. ഇതുകൂടാതെ സിൽക്കോണും റൂടൈലും വേർതിരിച്ചെടുക്കുന്നുണ്ട്.

(സി) ഗാർനെറ്റ് ഒഴികെ മറ്റെല്ലാ മൂലകങ്ങളും ഐ.ആർ.ഇ.എൽ-ൽ വേർതിരിക്കുന്നുണ്ട്. ഗാർനെറ്റ് വേർതിരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

.

**<u>സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനുള്ള പദ്ധതി</u>**

*610 ശ്രീ. എ.കെ. മണി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നതപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ ബാങ്കുകൾക്ക് ഇത്തരം പരിപാടികളില്ലാത്തപക്ഷം പ്രസ്തുത ബാങ്കുകളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അഞ്ച് വർഷ കാലാവധിക്ക് പരമാവധി 1,50,000/- രൂപ വരെ വായ്പ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന വായ്പകൾക്ക് സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിരക്കിലുള്ള പലിശ ബാധകമാണ്

(സി) ചോദ്യം പ്രസക്തമല്ല.

## ജില്ലാ/അന്തർജില്ലാ റൂട്ട് രൂപവൽക്കരണം

*611. ശ്രീ. സാജുപോൾ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ/അന്തർജില്ലാ തലത്തിൽ മോട്ടോർ വാഹന വകുപ്പ് റൂട്ട് രൂപവൽക്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) റൂട്ട് രൂപവൽക്കരണ നടപടികളുടെ ഉദ്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ; പ്രസ്തുത നടപടി മുഖേന ബസ്സുകളുടെ എണ്ണം കുറയ്ക്കുക എന്ന ഉദ്ദേശമുണ്ടോ ;

(സി) ദേശസാൽകൃത നോട്ടിഫൈഡ് റൂട്ടുകളിൽനിന്നും കെ.എസ്.ആർ.ടി.സി.യെ തുടച്ചു നീക്കാൻ ഇത് ഇടയാക്കുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(ഡി) നിലവിൽ നിർദ്ദേശിക്കപ്പെട്ട അന്തർജില്ലാ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.യുടെ നോട്ടിഫൈഡ്/ദേശസാൽകൃത മേഖലയിലൂടെയാണ് കടന്നുപോകുന്നതെന്ന വസ്തുത സർക്കാർ പരിഗണിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) 1994-ൽ നിലവിൽ വന്ന കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് സർക്കാർ, റൂട്ടുകൾ ഫോർമുലേറ്റ് ചെയ്യുവാൻ തീരുമാനിച്ചത്. മേൽപ്പറഞ്ഞ ഭേദഗതി അനുസരിച്ച് സംസ്ഥാന സർക്കാർ സ്റ്റേജ് ക്യാരേജ് പെർമിറ്റ് നൽകേണ്ട റൂട്ടുകൾ രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം റൂട്ടുകൾ രൂപീകരിക്കപ്പെട്ടുകഴിഞ്ഞാൽ ബസ്സുടമകൾക്ക് രൂപീകരിക്കപ്പെട്ട റൂട്ടുകളിൽ മാത്രമേ അപേക്ഷ നൽകുവാൻ കഴിയുകയുള്ളു. ഈ നടപടി മൂലം ബസ്സുകളുടെ എണ്ണം കുറയ്ക്കുക എന്ന ഉദ്ദേശമില്ല.

(സി) ഇത് മൂലം കെ.എസ്.ആർ.ടി.സി തുടച്ചു നീക്കപ്പെടുവാൻ ഇടയാവുകയില്ല.

(ഡി) പൊതുജനങ്ങളും വിവിധ സംഘടനകളും നൽകിയ നിർദ്ദേശങ്ങളിൽ ദേശസാൽകൃത മേഖലകളിൽ/ദേശസാൽകൃത റൂട്ടുകളിൽപ്പെട്ടവയും ഉണ്ട്. റൂട്ടുകൾ ദേശസാൽക്കരണ പദ്ധതിയ്ക്ക് വിരുദ്ധമായാൽ അത്തരം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സിയ്ക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട് റൂട്ട് ഫോർമുലേഷൻ മുഖേന കെ.എസ്.ആർ.ടി.സി.യ്ക്ക് ദോഷം ഉണ്ടാകുന്നില്ല.

## കൈത്തറിമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

612. ശ്രീ.കെ.വി. കുഞ്ഞിരാമൻ

ശ്രീ.പിരപ്പൻകൊട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൈത്തറി രംഗം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും അതിനുള്ള പ്രതിവിധികൾ എന്തെല്ലാമയിരിക്കുമെന്നതിനെക്കുറിച്ചും സർക്കാർ ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴാണ്;

(ബി) വിലയിരുത്തലുകളെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയാണ്;

(സി) മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നതും 2002-ൽ നിർത്തൽ ചെയ്തതുമായ ഗവൺമേന്റിന്റെ സഹായ പദ്ധതികൾ പുന:സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടൊ;

(ഡി) ഉല്പ്പന്നവികസനം, വൈവ്യുതിവത്ക്കരണം നവീകരണം, വിപണനം തുടങ്ങി ഈ വ്യവസായത്തെ സംരക്ഷിക്കുന്നത് അനിവാര്യമായിട്ടുളള എന്തെല്ലാം സംഗതികളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സർക്കാർ പ്ളാൻ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) & (ബി) : 10-ാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കൈതതറി വ്യവസായത്തെകുറിച്ച് വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുപുറമേ 9-ാം പദ്ധതി കാലയളവിൽ നടപ്പാക്കിവന്നിരുന്ന മിക്കവാറും എല്ലാം പ്രധാനപ്പെട്ട സംസ്താന പദ്ധതികളും 10-ാം പദ്ധതിയിലും ഉൾപ്പെടുത്തി. ഇതിനു പുറമേ നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഫാക്ടറി ടൈപ്പ് സംഘങ്ങളെ സഹായിക്കുന്നതിനും വിദഗ്ദ്ധ നെയ്ത്തുകാരെ പ്രോത്സാഹിപ്പിച്ച് മൂല്യവർദ്ധനവ്

വരുത്തിയ കൈത്തറി വസ്ത്രങ്ങൾ ഉല്പാദിപ്പിച്ചെടുക്കുന്നതിനും സഹായകരമായ പദ്ധതികൾ 2002-03 മുതൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്ന പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ തുടർന്നു വരുന്നു. എന്നാൽ റിബേറ്റ് നൽകിയിരുന്ന കാലയളവ് കുറിച്ചിട്ടുണ്ട്.

(ഡി) ഉല്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പരിപാടി, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ പഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മനോഹരമായ കൈത്തറി ഉല്പന്നങ്ങൾ മൂല്യങ്ങളുള്ള വസ്തുക്കളാക്കുന്നതിനുള്ള നെയ്ത്തുകാർക്ക് പരിശീലനം സംസ്താനതല അവാർഡ് എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഫാക്ടറി കെട്ടിടം വൈദ്യുതീകരിക്കുന്നതുൾപ്പെടെയുള്ള നവീകരണത്തിനും പുതിയ ഡിസൈനുകളും മറ്റും വികസിപ്പിക്കുന്നതിനുള്ള ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം വിവിധ ദേശീയ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവീസ് സെന്റർ തുടങ്ങിയ സ്താപനങ്ങളുടെ സഹായത്തോടെ കൈത്തറി ഉല്പ്പന്ന വികസനം നവീകരണം എന്നിവ ദീൻദയാൽ വികസന പദ്ധതിയിലെ പ്രധാന ഘടകങ്ങളാണ്. ഈ പദ്ധതി ക്ളസ്റ്റർ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ആകർഷണീയമായ വസ്ത്രങ്ങൾ ഗുണഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി ഉല്പാദിപ്പിച്ചുകഴിഞ്ഞാൽ സർക്കാർ ഇപ്പോശ അനുവദിച്ചുവരുന്ന മാർക്കറ്റിംഗ് ഇൻസന്റീവ് കൂടി പ്രയോജനപ്പെടുത്തി വിപണനം വിപുലീകരിക്കുന്നതിനും കഴിയും. കൂടാതെ ദീൻദയാൽ വികസന പദ്ധതി പ്രകാരം വിപണന വികസനത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള ധനസഹായവും സൽകുന്നുണ്ട്.

## <u>വ്യവസായ ശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷ മലിനീകരണം</u>

613. ശ്രീ തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വിവിധ വ്യവസായ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷമലിനീകരണം ഗവൺറെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടു്ണടൊ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ ശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യംമൂലമുള്ള അന്തരീക്ഷമലിനീകരണം നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനും എന്തെങ്കിലും സ്ഥിരം സംവിധാനം നിലവിലുണ്ടൊ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ണൊ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദെസിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**്ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) & (സി) :- വ്യവസായങ്ങൾ നിമിത്തമുള്ള അന്തരീക്ഷമലിനീകരണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത ഏഴ് വ്യവസായ മേഖലകളിൽ മോണിട്ടറി ംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി ആഴ്ചയിൽ രണ്ടു ദിവസം വീതം പഠനം നടത്തിവരുന്നു. ഇതിനായി എറണാകുളം ജില്ലയില രണ്ടും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ സ്റ്റേഷനുമാണുള്ളത്. ഇതു കൂടാതെ ഓരോ വ്യവസായ ശാലയിലേയും പുകക്കുഴലില കൂടി വമിക്കുന്ന പാഴ് വായു വിലടങ്ങിയിരിക്കുന്ന മാലിന്യ ഘടകങ്ങളുടെ തോത് ഇടയ്ക്കിടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) വായു മലിനീകരണത്തിന്റെ നിവാരണത്തിനും നിയന്ത്രണത്തിനുമായി സംസ്താന മലിനീകരണ നിയന്ത്രണ ബോർഡ് 1981-ല വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നിയമപ്രകാരം ബോർഡ് വ്യവസായ ശാലകൾക്ക്1 നിബന്ധനാ വിദേയമായ അനുമതിപ്പത്രം നലകുകയും വ്യവസായ ശാലകളിൽ പരിശോധന നടത്തുകയും വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും വ്യവസായ ശാലകളിൽ നിന്നും പുന്തള്ളപ്പെടുന്ന പാഴ് വായുവിന്റെയും അന്തരീക്ഷ വായുവിന്റെയും ഗുണനിലവാരം നിർണ്ണയിക്കുകയും വ്യതിയാനം കാണുന്ന പക്ഷം വേണ്ട മുൻകരുതൽ നടപടികൾ എടുപ്പിക്കുകയും ചെയ്യുക തുടങ്ങിയ നടപടികൾ കൈക്കൊണ്ടുവരുന്നു. ഗുരുതരമായ ലംഘനം നടത്തുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നു.

(എഫ്) ഉത്തരം (ഇ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി

614. ശ്രീ. ടി.യു രാധാകൃഷ്ണൻ
ശ്രീ കെ. അച്ചുതൻ
ശ്രീ എ.സുജനപാൽ
ശ്രീ ലൂഡി ലൂയിസ്
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ടൈറ്റാനിയം ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കത്തക്കവിധത്തിൽ ഇൻഡ്യയിലേക്ക് ടൈറ്റാനിയം ഓക്സൈഡും പിഗ്മെന്റും ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽനിന്ന് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ രാജ്യങ്ങളിൽ നിന്നുള്ള ഉല്പ്പന്നങ്ങൾ എന്തുവിലയ്ക്കാണ് ഇറക്കുമതി ചെയ്യുന്നത്;

(സി)സംസ്ഥാനം ഉല്പാദിപ്പിക്കുന്ന ടൈറ്റാനിയം ഉല്പ്പന്നത്തിന് എന്തു വലയാണ്;

(ഡി) ടൈറ്റാനിയം ഇവിടെ കുറഞ്ഞവിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനെതിരെ എന്തു നടപടി എടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. പ്രധാനമായും ചൈനയിൽ നിന്നാണ് അനട്ടേസ് ഗ്രേഡിലുള്ള ടൈറ്റാനിയം പിഗ്മെന്റ് കൂടുതലായി ഇറക്കുമതി ചെയയ്പ്പെടുന്നത്.

(ബി) ടൺ ഒന്നിന് 55,000 രൂപ മുതൽ 60,000 രൂപ നിരക്കിൽ ചൈനീസ് പിഗ്മെന്റ് ഇൻഡ്യൻ വിപണിയിൽ ലഭ്യമാണ്.

(സി) ടി.ടി.പി. ഉല്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈസ്ഡ് പിഗ്മെന്റിന് എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും ഉൾപ്പെടെ വിപണിയിൽ എത്തുമ്പോൾ ടൺ ഒന്നിന് ഏകദേശം 74000 രൂപയോളമാകും.

(ഡി) ചൈനയിൽ നിന്നും വൻതോതിൽ നടക്കുന്ന

ഇറക്കുമതി തടയുന്നതിന് ആന്റ ഡമ്പിംഗ് നികുതി ഏർപ്പെടുത്തുന്നതിന്വേണ്ടി ടി.ടി.പി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ആന്റി ഡമ്പിംഗ് ഡയറക്ടറേറ്റിൽ പെറ്റീഷൻ സമർപ്പിക്കുകയും വിശദമായ പരിശോധനയ്ക്കുശേഷം ആന്റീ ഡമ്പിംഗ് ഡയറക്ടറേറ്റ് ചൈനയിൽ നിന്നുള്ള അനട്ടേഡ് ഗ്രേഡ് പിഗ്മെന്റിന് വിവിധ നിരക്കിൽ ആന്റി ഡമ്പിംഗ് നികുതി ചുമത്താൻ ശുപാർശ നൽകുകയും ചെയ്തു. ഇതു സംബന്ൂീച്ച വിജ്ഞാപനം ഇക്കഴിഞ്ഞ ജൂൺ 6-ാം തീയതിയാണ് ആന്റിഡമ്പിംഗ് ഡയറക്ടറേറ്റ് പുറപ്െുവിച്ചത്. ഇതു നടപ്പിൽ വരുന്ന തി്യതി കേന്ദ്ര ധനകാര്യ വകുപ്പിൽ നിന്നും ഈ മാസം തന്നെ വിജ്ഞാപനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആന്റീ ഡമ്പിംഗ് നികുതി നടപ്പിൽ വരുമ്പോൾ ചൈനീസ് പിഗ്മെന്റിന്റെ വിലയിൽ ഏകദേശം 15000 രൂപയോളം വർദ്ധനവ് ഉണ്ടാകും.

## നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം നഷ്ടപ്പെട്ടവർക്ക് അംഗത്വം പുനസ്ഥാപിക്കുന്നതിന് നടപടി

615. ശ്രീ .ടി.എച്ച്.മുസ്തഫ
ശ്രീ ടി.എൻ. പ്രതാപൻ
ശ്രീ കെ. ബാബു
ശ്രീ എ.പി. അനിൽകുമാർ
ശ്രീപി.ടി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധിബോർഡിലെ അംഗത്വം നഷ്ടപ്പെട്ടവർക്ക് അതു പുനസ്ഥാപിച്ചുകിട്ടുവാനുള്ള സൗകര്യം നൽകിയിട്ടുണ്ടോ; അതിനുവേണ്ടി അംഗത്വം നഷ്ടപ്പെട്ട കാലത്തെ കുടിശംശിക അടയ്ക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്നുവരെ സമയം കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ തുകയ്ക്കടയ്ക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ കാലാവധി വർദ്ധിപ്പിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പ്മന്ത്രി)**

(എ) അംഗത്വം നഷ്ടപ്പെട്ടവർക്ക് അത് പുനസ്ഥാപിക്കുന്നതിനുവേണ്ടി 2003 മാർച്ച് 1 മുതൽ ഏപ്രിൽ 30 വരെ പൊതുമാപ്പ് നൽകിയിരുന്നു. ആയത് 17-6-2003 ലെ 35-ാമത് ബോർഡ് യോഗപ്രകാരം 2003 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അതുപ്രകാരം എത്ര വർഷത്തെ

കുടിശ്ശികയുള്ളവർക്കും പിഴപലിശയടക്കം അംശാദായ കുടിശ്ശിക അടച്ച് അംഗത്വം പുനസ്ഥാപിക്കാവുന്നതാണ്.

(ബി) അംഗത്വ പുനസ്ഥാപനത്തിന് 2003 ആഗസ്റ്റ് 31 വരെ സമയം കൊടുത്തിട്ടുണ്ട്.

(സി) 2003 മാർച്ച് 1 മുതൽ 31 വരെ നൽകിയ പൊതുമാപ്പ് കാലാവധി ആദ്യം ഏപ്രിൽ 30 വരെ ദീർഘിപ്പിക്കുകയും പിന്നീട് 35-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം 2003 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## റോഡ് സുരക്ഷിതത്വ നിയമം

616. ശ്രീ. വി. ബാലറാം
ശ്രീ ടി.യു. രാധാകൃഷ്ണൻ
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ ടി.വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിനുവേണ്ടി ഒരു റോഡ് സുരക്ഷിതത്വ നിയമത്തിന് രൂപം കൊടുക്കാനുദ്ദെശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഇത് സഭമുൻപാകേ വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആവശ്യമായ സഹായം നൽകുന്നതിനുവേണ്ടി ഒരു ഫണ്ടിന് രൂപം കൊടുക്കുവാൻ ഉദ്ദെശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗതവകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാഫണ്ടും രൂപീകരിക്കുന്നതിനുളള ബിൽ ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(സി) ബില്ലിൽ ഇക്കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലോകം മുഴുവനുമുളള തൊഴിൽദായകർക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേര് വിവരം നൽകുന്ന സംവിധാനം

617. ശ്രീ. രാജു എബ്രഹാം
ശ്രീ എം.വി. ഗോവിന്ദൻ മാസ്റ്റർ
ശ്രീ കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ലോകം മുഴുവനുമുളള തൊഴിൽദായകർക്ക് കേരളത്തിലെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേര് വിവരം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ പ്രഖ്യാപനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി० തൊഴിൽ ഇല്ലാത്ത എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടു്ണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽ ദായകരെ കണ്ടെത്തുന്നതിനും പേര് വിവരം അറിയിക്കുന്നതിനു് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണ് .

(ഇ) ആരുടെ നിയന്ത്രണത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പ്മന്ത്രി)**

(എ) ഉണ്ട്.

(ബി) കേരളത്തിരെ മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുളള പ്രൊഫഷണൽ യോഗ്യതയുളള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച ഒരു വെബ് പോർട്ടൽ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ളൊയ്മെന്റ് ആഫീസുകളിലെയും ഡേറ്റാ എൻട്രി ജോലി ചെയ്തു

തീർന്നതിനുശേഷം മാത്രമേ ഇത് നടത്താൻ സാധിക്കുകയുള്ളു ടി ജോലി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) വെബ് പോർട്ടൽ തുടങ്ങിയാൽ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) വെബ് പോർട്ടൽ-ന്റെ രൂപകൽപ്പന എൻ.ഐസി. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഇ) എംപ്ളോയ്മെന്റ് ഡയറക്ടറുടെ അധീനതയിലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം.

## സ്തംഭനത്തിലായ ടെക്സ്റ്റയിൽ മില്ലുകൾ

618. ശ്രീ. കെ.പി സതീശ്ചന്ദ്രൻ

ശ്രീ കോടിയേരി ബാലകൃഷ്ണൻ

ശ്രീ ടി.കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകൾ പൂർണ്ണമായും സ്തംഭനത്തിലായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെക്സ്റ്റയിൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കാൽലക്ഷത്തിലധികം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) എൻ.ടി.സി. യുടെയും സഹകരണ മേഖലയിലേയും സ്വകാര്യമേഖലയിലേയും ഏതെല്ലാം ടെക്സ്റ്റയിൽ മില്ലുകളാണിപ്പോൾ ലേ ഓഫിലായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ ഓരോന്നും എത്ര മാസങ്ങളായി ലേ ഓഫിലാണ്;

(ഇ) മില്ലുകളുടെ ഉൽപ്പാദനചെലവ് വർദ്ധനക്കിടയാക്കിയ സർക്കാർ നടപടികൾ പിൻവലിക്കാൻ തയ്യാറാകുമോ;

(എഫ്) മില്ലുകളുടെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും സഹായകരമായ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ജി) മില്ലുകൾ നവീകരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എന്ത് സഹായമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**്രശീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ടെക്സ്റ്റയിൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമുള്ള പഠനം നടത്താൻ സർക്കാർ നിയോഗിച്ച എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നാല് സഹകരണ സ്പിന്നിംഗ് മില്ലുകളെ ടെക്സ്റ്റ്ഫെഡിന്റെ അധീനതയിൽ കൊണ്ടുവരാനും എൻ.സി.ഡി.സിയുടെ ധനസഹായം ലഭ്യമാക്കി സഹകരണ സ്പിന്നിംഗ് മില്ലുകളെ പുനസംഘടിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. ഈ കാര്യത്തിൽ അന്തിമതീരുമാനമെടുന്ക്കുന്നതുവരെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തിനായി 475 ലക്ഷം രൂപയും സീതാറാം ടെക്സ്റ്റയിൽസിന് 100 ലക്ഷം രൂപയും കേരള സംസ്ഥാന ടെക്സ്റ്റയിൽ തോർപ്പറേഷന് 175 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) തിരുവണ്ണൂർ കോട്ടൺമിൽ, കോഴിക്കോട്, വനജ ടെക്സ്റ്റയിൽ മിൽസ്, തൃശ്ശൂർ, തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് എന്നിവ ലേ ഓഫിലാണ്.

(ഡി) തിരുവണ്ണൂർ കോട്ടൺമിൽ 07-05-2003 മുതൽ

വനജ ടെക്സ്റ്റയിൽ മിൽ 19-04-2003 മുതൽ

തിരുവനന്തപുരം സ്പിന്നിംഗ് മിൽ - 22-09-1998 മുതൽ

(ഇ) ഉല്പാദനചെലവ് വർദ്ധിക്കാനിടയായ കാരണങ്ങളിൽ ഒന്നായ വൈദ്യുതി ചാർജ്ജ് വർദ്ധന ഈ വ്യവസായത്തിന് മാത്രമായി പിൻവലിക്കുക പ്രായോഗികമല്ല.

(എഫ്) ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

(ജി) എന്റർപ്രൈസസ് റീപോംസ് കമ്മിറ്റി (ഇ.ആർ. സി) യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വ്യവസായവുമായി ബന്ധപ്പെട്ട ഏജൻസികളും ട്രേഡ് യൂണിയനുകളുമായി കൂടിയാലോചിച്ച് ഓരോ മില്ലിന്റെ കാര്യത്തിലും പ്രത്യേകം തീരുമാനം എടുക്കുന്നതാണ്.

## വികലാംഗ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ നടപടി

619. ശ്രീ. എംകുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം വികലാംഗക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) കേരളത്തിലെ മിക്ക പഞ്ചായത്തുകളിലും വികലാംഗർക്കായി നടപ്പിലാക്കേണ്ടിയിരുന്ന പല പദ്ധതികളും നടപ്പിലാക്കുന്നില്ല എന്ന വിചാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ അഅവശ്യമായ നിർദ്ദേശം നൽകുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) നടപ്പു പദ്ധതിയിൽ തദ്ദേശ സ്വയംഭരണസ്താപനങ്ങൾക്ക് 55 തുക വികലാംഗർ, ശിശുക്കൾ വൃദ്ധജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി നീക്കിവയ്ക്കുവാൻ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മഞ്ചേരിയിലെ കസ്റ്റോഡിയൽ കെയർഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ എന്ന സ്ഥാപനത്തിൽ പ്രായപൂർത്തിയായ ബുദ്ധിമാന്ദ്യം സംഭവിച്ച 50 പുരുഷൻമാരെ താമസിപ്പിച്ച് സംരക്ഷിക്കുന്നതിന് അനുമതി നൽകി. വകുപ്പിനുകീഴിൽ തിരുവനന്തപുരം കോഴിക്കോട് എന്നീ രണ്ടു ജില്ലകളിൽ പ്രവർത്തിക്കുന്ന വികലാംഗതൊഴിൽ പരിശീലന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. എല്ലാ ഐ.സി.ഡി.എസ് ബ്ളോക്കുകളിലും വകുപ്പിന്റെ നേതൃതവത്തിൽ സൗജന്യമെഡിക്കൽക്യാമ്പ് സംഘടിപ്പിച്ച് വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചു. മന്ദബുദ്ധികളായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് 750 രൂപ നൽകിവന്നത് 900 രൂപയായ വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ വിവിധ പൊതുമേഖലാസ്ഥാപനങ്ങളിലെ പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ് തുടങ്ങിയ ജോലികൾ കോർപ്പറേഷന ഏറ്റെടുത്ത് വികലാംഗരുടെ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കി കൊടുക്കുന്നു. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗരായ ഉദ്ദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതിനുള്ള നടപടി 16-7-2003 ൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ വികലാംഗർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. സംസഥാന പൊതുമേഖലാസ്ഥാപനങ്ങളിൽ സൂപ്പർവൈസർ /ഓഫീസർ തസ്തികകളിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തിയി ഉത്തരവായിട്ടുണ്ട്.

(ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഐ.ആർ.സി യുടെയും മിനിമം വേജസ് കമ്മിറ്റിയുടെ പുന:സംഘടന

620. ശ്രീ. എ.എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിൽ വകുപ്പ് ഐ. ആർ. സികളും മിനിമം വേജസ് കമ്മിറ്റികളും പുന:സംഘടിപ്പിക്കുമ്പോൾ ഏത് മാനദണ്ഡമനുസരിച്ചാണ് തൊഴിലാളി പ്രതിനിധികളെ കമ്മിണ്റ്റികളിലേക്ക് നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ അംഗീകാരമുള്ളതും അതാതുമേഖലയിൽ പ്രവർത്തിക്കുന്നതുമായ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളെ കമ്മിറ്റികളിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പ്മന്ത്രി)**

(എ) ഐ. ആർ.സികൾ പുനസംഘടിപ്പിക്കുമ്പോൾ ബന്ധപ്പെട്ട തൊഴിൽേഖലകളിൽ സജീവമായിട്ടുള്ള തൊഴിലാളി യൂണിയനുകുടെ പ്രതിനിധികളെയാണ് കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്നത്. ഇതേ മാനദണ്ഡം തന്നെയാണ് മിനിമം വേതന കമ്മിറ്റി രൂപീകരിക്കുമ്പോശ തൊഴിലാളി റപതിനിധികളെ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കാറുള്ളത്. മിനിമം വേതനകമ്മീറ്റികൾ സർക്കാരിന് റിപ്പോർട്ട് നൽകി കഴിഞ്ഞാൽ പ്രസ്തുത കമ്മിറ്റികളുടെ കാലാവധി അവസാനിക്കുന്നു. മിനിമം വേതന കമ്മിറ്റികൾ പുന:സംഘടിപ്പിക്കാറില്ല.

(ബി) അതാതു മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളടക്കമുള്ള യൂണിയൻ പ്രതിനിധികളെയാണ് കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്നത്.

## തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതി

621. ശ്രീ. ടി.കെ. ദേവകുമാർ
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ എം.വി ജയരാജൻ
ശ്രീ ടി.പി. രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) അഭ്യസ്ത വിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹതിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാന ആസൂത്രണ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പ്മന്ത്രി)**

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ വകുപ്പ് വഴി കെസ്റു-99 (കേരള സ്റ്റേറ്റ് സെൽഫ് എംപ്ളോയ്മെന്റ് സ്കീം ഫോർ ദ രജിസ്റ്റേർഡ് അൺ എംപ്ളോയ്ഡ്) എന്നസ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കെസറു-99 എന്ന പുതിയ സ്വയം തൊഴിൽ പദ്ധതി സർക്കാർ ഉത്തരവ് നമ്പർ ജ്ഞ.ഒ. (പി) 40/99 തിയതി 30-03-99 പ്രകാരം 200-01 സാമ്പത്തിക വർഷംമുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒരു വ്യക്തിക്ക് 3000/ രൂപ (പരമാവധി 50000/- രൂപ) ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. വായ്പയുടെ 20% സർക്കാർ സബ്സിഡി നൽകും. അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള ആളായിരിക്കണം. വാർഷിക കുടുംബവരുമാനം 24000/- രൂപയിൽ കവിയാൻ പാടില്ല. പ്രായപരിധി 21 നും 40നും ഇടയ്ക്കായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവു ലഭിക്കുന്നതാണ്. 25 വയസ്സു കഴിഞ്ഞവർക്കും ഇപ്പോൾ കൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന നൽകുന്നതാണ്. അപേക്ഷകൻ വിദ്യാർത്ഥി ആയിരുക്കുവാൻ പാടില്ല. (പാർട്ടൈം കോഴ്സുകളും 6 മാസത്തിൽ താഴെയുള്ള കോഴ്സുകളും ഒഴിവാക്കിയിട്ടുണ്ട്. പ്രൊഫഷണൽ എൻ.റ്റി.സി, എൻ.എ.സി. എന്നീ വിദ്യഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. വ്യക്തിഗത വരുമാനം പ്രതിമാസം 500/രൂപയിൽ താഴെ ആയിരിക്കണം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി അപേക്ഷ ക്ഷണിക്കുന്നു. തൊഴിൽ രഹിതരായ ഒന്നിലധികം വ്യക്തികൾ ചേർന്നും സംയുക്ത സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലാ എംപ്ളോയ്കെമനറ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് അപേക്ഷ പരിഗണിച്ച് അർഹമായ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ര്ശുപാർശ ചെയ്യുന്നതിന് ഠരു ജില്ലാതല കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാകാര്യങ്ങളിലും സംസ്താന സർക്കാരിന് ഉപദേശം നൽകുന്നതിനായി വകുപ്പുമന്ത്രി ചെയർമാനായ ഒരു സംസ്ഥാന തല കമ്മറ്റിയുണ്ട്. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്.

(സി) ഇതു കൂടാതെ 2002-2003 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രത്യേക തൊഴിൽ ദാന പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ്നടപടികൾ സ്വീകരിച്ചുവരുന്നു. അതു സംബന്ധിച്ച വിശദമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) & (ഇ) പരിശോധിച്ചു മറുപടി നൽകുന്നതാണ്.

## <u>കരിമണലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ</u>

622 ശ്രീ എം.മുരളി :

ശ്രീ. സി.പി.മുഹമ്മദ് :

ശ്രീമതി. മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് കരിമണൽ ഖനനം ചെയ്യുവാൻ അനുവാദം കൊടുത്തിട്ടുള്ളവരിൽ ആരെല്ലാമാണ് കരിമണൽ കൊണ്ട് വാല്യൂ ആഡഡ് ഉൽപന്നങ്ങൾ നിർമ്മിക്കാമെന്നേറ്റിട്ടുള്ളത് ;

(ബി) എന്തെല്ലാം ഉൽപന്നങ്ങൾ നിർമ്മിക്കാമെന്നാണ് ഇവർ സമ്മതിച്ചിട്ടുള്ളത് ;

(സി) ഇപ്രകാരമുള്ള ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഫാക്ടറിയിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ രണ്ട് കമ്പനികൾക്കാണ് കരിമണൽ ഖനനത്തിനുള്ള അനുവാദംനൽകിയിട്ടുള്ളത്. ഈ രണ്ട് കംപനികളും വാല്യൂ ആഡഡ് ഉൽപന്നങ്ങൽ ഉണ്ടാക്കുന്നുണ്ട്.

(ബി) കെ.എം.എം.എൽ. ഇൽമനൈറ്റ് വേർതിരിച്ച് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുന്നു. ഇത് കൂടാതെ സിർക്കോണും റൂട്ടൈലും ഉല്പാദിപ്പിക്കുന്നു. ഇൽമനൈറ്റ് റൂട്ടൈൽ,

സിർക്കോൺ , സിലിമനൈറ്റ്, മോണോസൈറ്റ് എന്നിവ ഐ.ആർ.ഇ.എൽ ഉല്പാദിപ്പിക്കുന്നു. കൂടാതെ മോണോസൈറ്റ് കൂടുതൽ സംസ്കരിച്ച് ഐയർ എർത്ത്സ് കോംപൗണ്ടുകളും ഉല്പാദിപ്പിക്കുന്നു.

(സി) ഐ.ആർ.ഇ.എൽ-ൽ മൊത്തം 1047 ഓളം തൊഴിലാളികളും കെ.എം.എം.എൽ.-ൽ മൊത്തം 1950 ഓളം തൊഴിലാളികളും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

**ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ നടപടി**

623 ശ്രീ. എ.എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ.ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, ഏകോപിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങളും സഹായങ്ങളും നൽകുക എന്നീ ഉദ്ദേശങ്ങളോടെ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംസം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ നിയോജക മണ്ഡല തലത്തിൽ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ നടത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുമോ ;

(ഡി) ഇത്തരം ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ വഴി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സർക്കാർ നിയമപരമായ ഇളവുകളും സാമ്പത്തീകാനുകൂല്യങ്ങളും നൽകാൻ തയ്യാറാകുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) & (ബി) ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ നടത്തുവാൻ ആലോചനയില്ല.എന്നാൽ ആഗോള നിക്ഷേപക സമ്മേളനത്തിനു മുൻപായി കേരളത്തിലെ വ്യവസായകരുടെ സമ്മേളനം സംഘടിപ്പിച്ചിരുന്നു.

(സി) & (ഡി) ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ജില്ലാതല, സംസ്ഥാനതല കൺവെൻഷനുകളും റോഡുഷോകളും നടത്തുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പുതിയതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് നിയമപരമായ ഇളവുകളും സാംപത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്.

**അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി**

624 ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. യു.സി.രാമൻ :
ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ് .:
ശ്രീ. സി. മമ്മുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത ഉദ്യോഗസ്ഥരിൽ ആർക്കൊക്കെയാണ് തങ്ങളുടെ മോട്ടോർ വാഹനങ്ങളിൽ റിവോൾവിംഗ് ലൈറ്റ് ഘടിപ്പിക്കുവാൻ അനുവാദമുള്ളത് ;

(ബി) അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തു നടപടിയാണ് നിലവിൽ സ്വീകരിച്ചുവരുന്നത് ;

(സി) ഇത്തരത്തിൽ അനധികൃതമായി റിവോൾവിംഗ് ലൈറ്റ് ഉപയോഗിച്ചതിന് ആർക്കെങ്കിലും എതിരായി ഇതിനകം എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവർക്കെതിരെ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) താഴെ പറയുന്ന ഉന്നത വ്യക്തികൾക്കാണ് ചുവന്ന ലൈറ്റ് ( റിവോൾവിംഗ് ലൈറ്റ്) ഉപയോഗിക്കുവാൻ അനുവാദമുള്ളത്:

1. കേരള ഗവർണ്ണർ
2. കേരള മുഖ്യമന്ത്രി
3. കേരള നിയമസഭാ സ്പീക്കർ

4. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്
5. കേരള മന്ത്രിമാർ
6. കേരള നിയമസഭാ പ്രതി പക്ഷ നേതാവ്
7. കേരള ഗവണ്മെന്റ് ചീഫ് വിപ്പ്
8. കേരള ഹൈക്കോടതി ജഡ്ജിമാർ
9. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ
10. കേരള സംസ്ഥാന ചീഫ് സെക്രട്ടറി
11. കേരള സംസ്ഥാന ലോകായുക്ത.
12. കേരള സംസ്ഥാന ഉപ ലോകായുക്ത.
13. കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വൈസ് ചെയർമാൻ
14. കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
15. കേരള സംസ്ഥാന മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ

ഫ്ളാഷർ ഉള്ള നീല ലൈറ്റ് ഉപയോഗിക്കുവാൻ അനുമതിയുളല ഉദ്യോഗസ്ഥർ താഴെ പറയുന്നവരാണ് :

1. കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷണർ
2. ജില്ലാ കളക്ടർ
3. ജില്ലകളുടെ ചുമതലയും, ക്രമസമാധാന ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാരും അതിനു മുകളിലുള്ള എല്ലാ പോലീസ് ഓഫീസർമാർ.
4. പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്.
5. റവന്യു ഡിവിഷണൽ ഓഫീസർമാർ(സബ് ഡിവിഷണൽ മജിസ്ട്രേറ്റ്)
6. സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ. (ക്രമസമാധാനം)

താഴെപ്പറയുന്ന ഡിപ്പാർട്ട്മെന്റൽ വാഹനങ്ങൾക്ക് ചുവപ്പും, നീലയും, വെള്ളയും ഇടകലർന്ന വർണ്ണത്തിലുള്ള ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

**<u>പോലീസ് വകുപ്പ്</u>**

1. ഹൈവേ പോലീസ് വെഹിക്കിൾസ്
2. പോലീസ് കണ്ട്രോൾ റൂം വെഹിക്കിൾസ്
3. ഫ്ളയിംഗ് സ്ക്വാഡ് വെഹിക്കിൾസ്.
4. പോലീസ് സ്റ്റേഷൻ വെഹിക്കിൾസ്.

**<u>മോട്ടോർ വാഹന വകുപ്പ്</u>**

മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വാഹനങ്ങൾ

**<u>ഫയർഫോഴ്സ്</u>**

ഫയർ ടെൻടേഴ്സിനും ഫയർസ്റ്റേഷൻ വാഹനങ്ങൾക്കും.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 177 അനുസരിച്ച് 100 രൂപ മുതൽ 300 വരെ കോടതിയ്ക്ക് പിഴ ചുമത്താവുന്നതാണ്.

(സി) & (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**<u>സ്വകാര്യ മേഖലയിൽ നിർമ്മിക്കാൻഅനുമതി നൽകിയ മിനി തുറമുഖങ്ങൾ</u>**

625 ശ്രീ. ഷിബു ബേബി ജോൺ ::
ശ്രീ. എ.എൻ.രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ കെ.കെ. ഷാജു :: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ മിനി തുറമുഖങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ടോ .;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തുറമുഖങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവയിൽ എത്ര മിനി തുറമുഖങ്ങൾക്ക് എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര മിനി തുറമുഖങ്ങൾക്കു വേണ്ടി ബി.ഒ.റ്റി. കരാർ ഒപ്പു വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ തുറമുഖങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(എഫ്) മിനി തുറമുഖങ്ങൾ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ) :**

(എ) ഇല്ല.

(ബി) , (സി) , (ഡി) , (ഇ) & (എഫ്) ചോദ്യം ഉദിക്കുന്നില്ല.

**<u>പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതി</u>**

626. ശ്രീ. കെ.നാരായണക്കുറുപ്പ് :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമീക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കാൻ പദ്ധതിയുണ്ടോ ;

(ബി) സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ അനുവദിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇത്തരം വായ്പകൾക്ക് പലിശയിൽ ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) വിശദാംശങ്ങൾ അറിയിക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ) :**

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഭവന വായ്പ നൽകുന്നതിന് അനുവദിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നം.3/2000)

(ബി) ഭവന നിർമ്മാണ വായ്പയുടെ പരിധി 3 ലക്ഷവും കാലാവധി പരമാവധി 5 വർഷവും ഓഹരി അനുപാതം 1% വും ആണ്. എന്നാൽ നാഷണൽ ഹൗസിംഗ് ബാങ്കിൽനിന്നും പുനർ വായ്പ ലഭിക്കുന്ന പദ്ധതി അനുസരിച്ചുള്ള വായ്പകൾക്ക് ഈ പരിധി ബാധകമല്ല. സംഘങ്ങളുടെ നിക്ഷേപത്തിന്റെ 15%-ത്തിൽ അധികരിക്കാതെ ഭവന നിർമ്മാണത്തിനുള്ള വായ്പ അനുവദിക്കാവുന്നതാണ്. 50,000/- രൂപ വരെയുള്ള വായ്പ ആൾ ജാമ്യത്തിലും അതിനു മേലുള്ള വായ്പകൾ വസ്തു ജാമ്യത്തിലും നൽകാവുന്നതാണ്. എന്നാൽ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംഘങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. സംഘങ്ങളുടെ വിഭവശേഷി പരിഗണിച്ച് വായ്പ നൽകാൻ നിയമാവലി വ്യവസ്ഥയില്ലാത്ത സംഘങ്ങൾ ഇതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കേണ്ടതും ആവശ്യമായ വായ്പാ ഉപ നിബന്ധന തയ്യാറാക്കി ബന്ധപ്പെട്ട ജോയിൻര് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

(സി) & (ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കാർഷികേതര വായ്പയുടെ പലിശ 3% കണ്ട് കുറച്ചിട്ടുണ്ട്. ഇപ്പോൾ 50,000 വരെ 12% വും 50,000 മുതൽ 2 ലക്ഷം രൂപ വരെ 13% വും 2 ലക്ഷത്തിനു മേൽ 14% വും ആണ് പലിശ നിരക്ക്.

എന്നാൽ പ്രാഥമീക ഭവന നിർമ്മാണ സഹകരണസംഘങ്ങൾ വഴി നൽകുന്ന വായ്പകൾക്ക് 50,000 രൂപ വരെ 11.5% വും 50,000രൂപ മുതൽ 1,25,000 വരെ 12.75% വും 1,25,000 മുതൽ 2 ലക്ഷം വരെ 13% വും 2 ലക്ഷത്തിനു മേൽ 13.75% ഉം ആണ്.

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

627 ശ്രീ വി.കെ സി..മമ്മത് കോയ :

ശ്രീ എം.വി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമനിധിയിലേക്കുള്ള തൊഴിലാളികളുടേയും ഭൂവുടമകളുടേയും വിഹിതം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിഹിതം ഈടാക്കി അടയ്ക്കുന്നതിൽ റവന്യൂ ഉദ്യോഗസ്ഥന്മാർ വൈമുഖ്യം കാണിക്കുന്നതായി പരാതി ഉയർന്നു വന്നിട്ടുണ്ടോ ;

(ഡി) ഭൂനികുതിയോടൊപ്പം ക്ഷേമനികുതി വിഹിതം പിരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കഴിഞ്ഞ 5 വർഷത്തെ ക്ഷേമനിധിയിലെക്കുള്ള ഭൂവുടമ വിഹിത പിരിവ് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ; അതിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽ വകുപ്പുമന്ത്രി ) :**

(എ) വിലയിരുത്താറുണ്ട്.

(ബി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ അംശാദായം 2 രൂപയിൽനിന്ന് 5 രൂപയാക്കി ഉയർത്തുന്നത് സംബന്ധിച്ച് 1974 -ലെ കർഷകത്തൊഴിലാളി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എല്ലാ കർഷക സംഘടനാ പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല.

(സി) ഭൂവുടമാ വിഹിതം ഈടാക്കി അടക്കുന്നതിൽ റവന്യു ഉദ്യോഗസ്ഥർ വൈമുഖ്യം കാണിക്കുന്നതായി ഇപ്പോൾ പരാതികൾ ലഭിയ്ക്കാറില്ല.

(ഡി) ഭൂനികുതിയോടൊപ്പം തന്നെയാണ് ക്ഷേമനിധിയിലേക്കുള്ള ഭൂവുടമാ വിഹിതവും പിരിക്കുന്നത്.

(ഇ) കഴിഞ്ഞ 5 വർഷമായി ലഭിച്ച ഭൂവുടമാ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| വർഷം | തുക |
|---|---|
| 1998-99 | 1,66,67,407 |
| 1999-2000 | 54,28,869 |
| 2000-01 | 66,93,847 |
| 2001-02 | 65,60,010 |
| 2002-03 | 89,47,851 |

ഭൂവുടമാ വിഹിതം സംബന്ധിച്ച ഡി.സി.ബി കണക്കുകൾ റവന്യൂ വകുപ്പിൽ നിന്ന് കൃത്യമായി ലഭിക്കാത്തതിനാൽ കുടിശ്ശിക തുക എത്രയാണ് എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

**ജില്ലാ കേന്ദ്രങ്ങളിൽ ടെക്നോപാർക്കുകൾ തുടങ്ങാൻ നടപടി**

628 ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. ടികെ.ബാലൻ :

ശ്രീ.സാജു പോൾ :

ശ്രീ. എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ടെക്നോപാർക്കിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ടെക്നോപാർക്ക് ജില്ലാ കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ

(സി) ഇത്തരമൊരു സംരംഭത്തിന് സാധ്യതാ പഠനത്തിന് ജില്ലാതലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഏതൊക്കെ ജില്ലകളിലാണ് ടെക്നോപാർക്ക് ആരംഭിക്കുവാനുള്ള പശ്ചാത്തലസൗകര്യങ്ങൾ ഉള്ളതെന്നും എപ്പോൾ അത് ആരംഭീക്കാനാവുമെന്നും വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) വിദേശ പങ്കാളിത്തത്തോടു കൂടിയ കംപനികൾ ഉൾപ്പെടെ 50 കംപനികൾ ഇപ്പോൾ തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം ഏകദേശം 5000 പേർക്ക് നേരിട്ടും, 750 പേർക്കും അല്ലാതെയും തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ സർക്കാർ വന്ന ശേഷം പുതിയതായി 14 കംപനികൾ പ്രവർത്തനം ആരംഭിക്കുകയും നിലവിലുള്ള 15 കംപനികൾ അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഏകദേശം 30 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ഇവിടത്തെ 40 കംപനികളിൽ നിന്നുമായി 117.68 കോടി രൂപയുടെ കയറ്റുമതിയും ഉണ്ടായിട്ടുണ്ട്.

(ബി) , (സി) & (ഡി) കിൻഫ്രയുടെ കീഴിൽ എറണാകുളത്ത് കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ ഐ.ടി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ടി ഒരു ഐ.ടി.ബിൽഡിംഗ് നിലവിലുണ്ട്. ഇവിടെ ഇപ്പോൾ 3 കംപനികൾ ഐ.ടി.മേഖലയിൽപ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുളല നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പമെന്റ് സെന്റർ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തോടുകൂടി മലപ്പുറം ജില്ലയിലെ കാക്കാഞ്ചേരിയിൽ സ്ഥാപിക്കുന്ന ഐ.ടി.ആന്റ് ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

**<u>സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനം</u>**

629. ശ്രീ. വി.ജെ.പൗലോസ് :

ശ്രീ. എം.കെ.പോൾസൺ മാസ്റ്റർ :

ശ്രീ എം.എ.ചന്ദ്രശേഖരൻ .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമാന സ്വഭാവമുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട്;

(ബി) ഇവ ഉല്പാദിപ്പിക്കുന്ന ഉല്പ്പന്നങ്ങൾ എന്തെല്ലാം ;

(സി) ഇവ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ഡി) ഇവയെ സംയോജിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ അതിനുള്ള താമസമെന്തെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) 2001-02 -ലെ ബി.പി.ഇ യുടെ അവലോകന റിപ്പോർട്ടനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ വികസനവും അടിസ്ഥാന സൗകര്യവും, സിറാമിക്സ് - റിഫാക്ടറീസ്, കെമിക്കൽ ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഇലക്ട്രോണിക്സ്, എൻജിനിയറിംഗ്, പ്ലാന്റേഷനും കൃഷി അധിഷ്ഠിതവും, ടെക്സ്റ്റയിൽസ്, തടി അധിഷ്ഠിതം, പരമ്പരാഗത വ്യവസായങ്ങൾ, ട്രേഡിംഗ് യൂണിറ്റുകൾ, വെൽഫയർ ഏജൻസികൾ, പബ്ലിക് യൂട്ടിലിറ്റി, മറ്റിനങ്ങൾ എന്നിങ്ങനെ വിവിധ ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്.

(ബി) സിറാമിക് ഉൽപന്നങ്ങൾ, വിവിധ രാസവസ്തുക്കൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വിവിധയിനം യന്ത്ര സാമഗ്രികൾ, വസ്ത്രങ്ങൾ, തടി കൊണ്ടുള്ള ഉപകരണങ്ങൾ, കയറുൽപന്നങ്ങൾ, കശുവണ്ടി മുതലായവയാണ് ഇവയുടെ ഉൽപന്നങ്ങൾ. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനുളല നിർമ്മാണ പ്രവർത്തനങ്ങളും ചില സ്ഥാപനങ്ങൾ ചെയ്യുന്നുണ്ട്.

(സി) 2001– 02വർഷത്തെ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച ബി.പി.ഇ യുടെ അവലോകന റിപ്പോർട്ടനുസരിച്ച് ഈ സ്ഥാപനങ്ങളുടെയെല്ലാം കൂടി ആ വർഷത്തെ നഷ്ടം 428.10 കോടി രൂപയാണ്.

(ഡി) ഉദ്ദേശമില്ല. എന്നാൽ ഓരോ പൊതുമേഖലാസ്ഥാപനത്തെയും കുറിച്ച് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) വിശദമായ പഠനം നടത്തി പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. പുനരുദ്ധാരണ പദ്ധതികൾ സമർപ്പിക്കുമ്പോൾ സമാന സ്വഭാവമുളളവയുടെ സംയോജനം പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ അത് കൂടി കണക്കിലെടുക്കുന്നുണ്ട്.

**<u>പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം</u>**

630 ശ്രീ.റോഷി അഗസ്റ്റിൻ ::
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ നിർമ്മിക്കന്നതിന് കേന്ദ്ര ഗവണ്മെന്റ് കേരളത്തിലെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം തേടിയിട്ടുണ്ടോ ;

(ബി) ഇതിനായി കേന്ദ്ര ഗവണ്മെന്റ് കേരള സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ കേരള ഹൈടെക് ഇൻഡസ്ട്രീസും, കെൽട്രോണും ഇ.ആർ.സിയും മുൻകൈ എടുത്ത് ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(സി) സർക്കാർ കരാറിൽ ഒപ്പ് വച്ചിട്ടില്ല. എന്നാൽ ബന്ധപ്പെട്ട കേരള സർക്കാർ കമ്പനികൾ ചർച്ചകളിൽ പങ്കെടുക്കുന്നുണ്ട്.